കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസിയുടെ പ്രവർത്തനം

217 (2455) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസിയുടെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചു എന്നറിയിക്കുമോ ;

(സി) നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും 2012-13, 2013-14 , 2014-15 എന്നീ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു എന്നറിയിക്കാമോ ;

(ഡി) പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശം നൽകുമോ;

(ഇ) 2015-16 സാമ്പത്തിക വർഷത്തേക്കുവേണ്ടി പുതിയ പ്രൊപ്പോസൽ നാഷണൽ ഹോർട്ടികൾച്ചർ മിഷന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജൈവ കശുമാവ് കൃഷി വികസനവും അസംസ്കൃത തോട്ടണ്ടി സംഭരണവും എന്ന പദ്ധതിക്കായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷന് 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ, നടപ്പ് സാമ്പത്തിക വർഷം 3150 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ നൽകിയ കശുമാവിൻ തൈകൾക്കുള്ള ധനസഹായ വിതരണം നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ കർഷകർക്കായുള്ള ട്രെയിനിംഗുകളും സെമിനാറുകളും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11450 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

(സി) നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും 2012-13 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും ഏജൻസിക്ക് ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത തുക ഉപയോഗിച്ച് ഏജൻസി കർഷകർക്കുള്ള ധനസഹായമായി 271.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനിംഗിനും സെമിനാറുകൾക്കുമായി 1.49 ലക്ഷം രൂപയും മിഷൻ മാനേജ്മെന്റിനത്തിൽ 27.48 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സുസ്ഥിര കശുമാവ് കൃഷി വികസനം രണ്ടാംഘട്ടം എന്ന പദ്ധതിക്കായി 4889.69 ലക്ഷം രൂപയുടെ കരട് നിർദ്ദേശങ്ങൾ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ കാഷ്യൂ ബോർഡ്

218 (T2456) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശിപാർശ ചെയ്ത സാഹചര്യത്തിൽ 14-8-2012-ൽ കേന്ദ്ര സർക്കാരിന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വിഷയം പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 26-4-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യവ്യവസായ വകുപ്പുമന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന വിഷയം ചർച്ച ചെയ്തു. കേന്ദ്രവാണിജ്യ വ്യവസായ വകുപ്പ് ഈ ശിപാർശ അനുകൂലിക്കുന്നുവെങ്കിലും കേന്ദ്ര സർക്കാരിൻ കീഴിലുള്ള പല വകുപ്പുകൾക്കും വിഭിന്ന അഭിപ്രായമുണ്ടെന്നും ആയതിനാൽ കേന്ദ്ര വാണിജ്യ മന്ത്രാലയവും കേരള സർക്കാരും ഒരിക്കലും കൂടി പ്രസ്തുത വിഷയം പ്ലാനിംഗ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ചർച്ചയിൽ തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് കേരള സർക്കാരിന്റെ പൂർണ്ണ സഹകരണവും പിന്തുണയും ഉണ്ടാകുമെന്നും പ്രസ്തുത വിഷയം സജീവമായി പരിഗണിക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 6-1-2014-ൽ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

(ബി) കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശിപാർശ ചെയ്തിരുന്നുവെങ്കിലും 14-8-2012-ൽ കേന്ദ്ര സർക്കാരിന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടില്ല.

(സി) ഇല്ല. ഈ വിഷയം പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly